പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6184 — 31.10.2011-ൽ മറുപടിയ്ക്ക്

കെ. എസ്. ഇ. ബി. പുന:സംഘടന.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. യുടെ പുന:സംഘടനയെപ്പറ്റി പഠിക്കുന്നതിന് ഗവൺമെൻറ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. 2003 ലെ കേന്ദ്ര വൈദ്യുതി നിയമമനുസരിച്ച് കെ. എസ്. ഇ. ബി. യുടെ ആസ്തി ബാധ്യതകൾ ഒരു കൈമാറ്റ പദ്ധതിയിലൂടെ സംസ്ഥാന സർക്കാരിൽ നിക്ഷിപ്ത മാക്കേണ്ടതാണെന്നും ആയവ ഒരു സർക്കാർ കമ്പനി രൂപീകരിച്ചു കൊണ്ട് തിരികെ ഏൽപ്പിക്കേണ്ടതു മാണെന്ന കമ്മിറ്റിയുടെ ശുപാർശ യുടെ അടിസ്ഥാനത്തിൽ 25-09-2008-ലെ സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 37/2008/ ഊ. വ പ്രകാരം കെ. എസ്. ഇ. ബി. യുടെ ആസ്തി ബാധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കി. 14-01-2011-ൽ 1956-ലെ കമ്പനീസ് ആക്ട് പ്രകാരം കെ. എസ്. ഇ. ബി. ലിമിറ്റഡ് എന്ന സർക്കാർ കമ്പനി രൂപീകരിച്ചു. ആസ്തി ബാധ്യതകൾ ടി കമ്പനിയിലേക്ക് പുന:നിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കെ. എസ്. ഇ. ബി. പുന:സംഘടനയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ആർജ്ജിത ആനുകൂല്യങ്ങളും പെൻഷൻ വ്യവസ്ഥകളും സംബന്ധിച്ച് കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിക്കുംപോലെ നിയമാ | (ബി) കെ. എസ്. ഇ. ബി യുടെ ആസ്തി ബാധ്യതകൾ പുതിയ കമ്പനിയിലേക്ക് പുന:നിക്ഷിപ്തമാക്കുന്നതു സംബന്ധിച്ച് ബോർഡ് സമർപ്പിച്ച കരട് കൈമാറ്റ പദ്ധതിയിൽ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ |

| | |
|---|---|
| നുസൃത തൃകക്ഷി ഉടമ്പടി ഉണ്ടാക്കുവാൻ നടപടി സ്വീകരിയ്ക്കുമോ ? | സംരക്ഷിക്കുന്നതിനും പെൻഷൻ ലഭ്യമാക്കുന്നതിനും സംസ്ഥാന സർക്കാരും, കെ. എസ്. ഇ. ബി യും, ജീവനക്കാരുടെ സംഘടനകളും തമ്മിൽ ഒരു തൃകക്ഷി ഉടമ്പടി ഉണ്ടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അന്തിമ കൈമാറ്റ പദ്ധതിക്ക് രൂപം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.